ചെറുകിട ജലവൈദ്യുതി നയം

28 (4610) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജല വൈദ്യുതി നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നയം മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുന്നത് ;

(സി) ഈ നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾ, നടപടിക്രമങ്ങൾ ലഘൂകരിച്ച് സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കി 2017-ഓടെ 150 മെഗാവാട്ട് അധികശേഷി വർദ്ധനവ് കൈവരിക്കുകയാണ് പ്രസ്തുത നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി) മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ CPP/IPP മേഖലകളിലായി സ്വകാര്യ സംരംഭകർക്ക് 25 പദ്ധതികൾ അനുവദിക്കുകയുണ്ടായി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും മറ്റുവകുപ്പ് അദ്ധ്യക്ഷന്മാർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റി വകുപ്പുതല പ്രശ്നങ്ങൾ വേഗത്തിൽ തീർപ്പാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി രൂപീകരിക്കുകയും തദടിസ്ഥാനത്തിലുള്ള ത്വരിത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കേന്ദ്ര വൈദ്യുതി വിഹിതം

29 (4611) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിക്കുന്നതിനായി പുതിയ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നത്തേക്ക് സൗകര്യം ഒരുക്കുമെന്നാണ് കേന്ദ്ര നിർദ്ദേശമെന്ന വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly